**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**(ഹാജർ : ശ്രീ. അബുൾകലാം എം.)**

വിഷയം :- ആ.വ.ഡ. - ജീവനക്കാര്യം - മാനദണ്ഡ അടിസ്ഥാനത്തിലുള്ള പൊതുസ്ഥലംമാറ്റം 2026 - **ജൂനിയർ സൂപ്രണ്ട്** തസ്തികയിലെ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) സ.ഉ. (പി) നം. 3/2017/ഉ.ഭ.പ.വ., തീയതി: 25/02/2017.

2) സ.ഉ. (സാധാ) നം. 1097/2026/H&FWD, തീയതി: 14/03/2026.

3) സ.ഉ.(സാധാ) നം.1369/2026/H&FWD തീയതി : 10-04-2026

4). സർക്കുലർ നം. ഇ.എച്ച്.1/31371/2025-ആ.വ.ഡ., തീയതി: 13/04/2026.

5) ജീവനക്കാർ SPARK മുഖേന സമർപ്പിച്ച അപേക്ഷകൾ.

6) കരട് ഉത്തരവ് നം.DHS/11333/2026-ED1, തീയതി: 25/05/2026.

**ഉത്തരവ് നം :DHS/11333/2026-ED1, തീയതി: 04-06-2026**

മേൽ പരാമർശം സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിലെ 2026 -ലെ പൊതു സ്ഥലം മാറ്റം നടപ്പിലാക്കുന്നതിനായി ഓൺലൈൻ മുഖാന്തിരം അപേക്ഷകൾ ക്ഷണിച്ചിരുന്നു. അപ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ഉദ്യോഗസ്ഥർ സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ നിന്നും ജൂനിയർ സൂപ്രണ്ട് തസ്തികയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള ജീവനക്കാർ ആരും തന്നെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പൊതുസ്ഥലംമാറ്റ

പട്ടികയിൽ ഉൾപ്പെടുന്നതിന് അർഹരായി കണ്ടില്ല. അപ്രകാരം പ്രസ്തുത അപേക്ഷകർ പൊതുസ്ഥലംമാറ്റ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് അർഹരല്ല എന്ന നിഗമനത്തിൽ തുടർ നടപടി അവസാനിപ്പിച്ച് കരട് നടപടിക്രമം പരാമർശം (5) പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. ഈ തീരുമാനത്തില് ആക്ഷേപം ഉണ്ടെങ്കില് അപ്പീല് ഫയല് ചെയ്യുവാന് ഉത്തരവില് നിര്ദേശിക്കുകയും ചെയ്തിരുന്നു.

പരാമർശം (5) പ്രകാരം പ്രസിദ്ധീകരിച്ച കരട് നടപടിക്രമം സംബന്ധിച്ച് ടി വിഭാഗം ജീവനക്കാരിൽ നിന്നും പൊതുസ്ഥലംമാറ്റ മാനദണ്ഡ അടിസ്ഥാനത്തിലുള്ള അപ്പീൽ അപേക്ഷകൾ ഒന്നും തന്നെ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ലഭിക്കാത്ത സാഹചര്യത്തിൽ കരട് നടപടിക്രമത്തിന്മേൽ ആക്ഷേപങ്ങളൊന്നും തന്നെ ഇല്ല എന്ന് വിലയിരുത്തുന്നു.

മേല് സാഹചര്യത്തില് ആരോഗ്യ വകുപ്പിലെ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ഉദ്യോഗസ്ഥരുടെ 2026 പൊതുസ്ഥലംമാറ്റം സംബന്ധിച്ച തുടർനടപടികൾ അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

Digitally signed by
M . Abul Kalam
Date: 04-06-2026
15:20:29

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്: ബന്ധപ്പെട്ട ഉദ്യോഗസ്ഥർ.

പകർപ്പ്:

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും.
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
3.. ഫയൽ/കരുതൽ ഫയൽ